നടപടി ക്രമം
അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി, എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം
(ഹാജർ : മേജർ ജനറൽ ജെ.എസ് മൻഗട്ട് വി.എസ്.എം)

എൻ .സി. സി ജീവനക്കാര്യം – ഫുൾ ടൈം സ്വീപ്പർ നിയമനം/സ്ഥലം മാറ്റം എന്നിവ അനുവദിച്ച് താത്കാലിക ഉത്തരവ് – പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

നമ്പർ. 275/എ2/II – എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 07 നവംബർ 2023

സൂചന : (1) എൻ.സി.സി ഡയറക്ടറേറ്റിന്റെ 05.10.2023 തീയതിയിലെ ഇതേ നമ്പർ കത്ത്.

(2) എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വോർട്ടേഴ്സ് എറണാകുളത്തിന്റെ 17.10.2023 തീയതിയിലെ 804/എസ്റ്റാ/01/3537 നമ്പർ കത്ത്.

(3) എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വോർട്ടേഴ്സ് കോട്ടയത്തിന്റെ 18.10.2023 തീയതിയിലെ 5001/2/എൻ.സി.സി നമ്പർ കത്ത്.

ഉത്തരവ്

1. 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി-യിൽ എഫ്.റ്റി.എസ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ രാജേഷ് രാജേന്ദ്രൻ, (PEN: 736992) എഫ്.റ്റി.എസ്, 16.08.2023 തീയതിയിൽ LGS തസ്തികയിൽ പുതിയ നിയമനം ലഭിച്ചു പോയത് കാരണം നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്തുന്നതിനും, സ്ഥലം മാറ്റത്തിനു ശേഷം നിലവിൽ വരുന്ന എഫ്.റ്റി.എസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനും സൂചന 1 പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. സൂചന 2,3 എന്നിവ പ്രകാരം ശ്രീ രാജേഷ് എം.ആർ, പി.റ്റി.എസ്, 22 കേരള ബറ്റാലിയൻ എൻ.സി.സി, എറണാകുളം, ശ്രീ കെ ആർ നടരാജൻ, പി.റ്റി.എസ്, 18 കേരള ബറ്റാലിയൻ എൻ.സി.സി, മൂവാറ്റുപുഴ എന്നിവർ സ്ഥാനക്കയറ്റത്തിനായി അപേക്ഷകൾ സമർപ്പിക്കുകയുണ്ടായി. ടി ഒഴിവിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നടത്താനായി അപേക്ഷകൾ ഒന്നും തന്നെ ലഭിക്കുകയുണ്ടായില്ല.

3. മേൽപ്പറഞ്ഞ അപേക്ഷകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി-യിൽ നിലവിൽ വന്ന ഒഴിവിലേക്ക് സ്ഥാനക്കയറ്റം വഴി എഫ്.റ്റി.എസ് ആകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്ന പി.റ്റി.എസ് തസ്തികയിലെ ജീവനക്കാരിൽ സീനിയർ ആയ, 22 കേരള ബറ്റാലിയൻ എൻ.സി.സി, ആലുവയിൽ പി.റ്റി.എസ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ രാജേഷ് എം.ആർ-നെ സ്ഥനക്കയറ്റം നൽകി 23000-50200/- രൂപ ശമ്പള നിരക്കിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ 3 കേരള എയർ സ്ക്വാഡ്രൻ എൻ.സി.സി, എറണാകുളത്ത് നിയമിച്ച് ഇതിനാൽ താത്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഓഫീസ് മേധാവികൾ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്. ഈ ഉത്തരവുമായി ബന്ധപ്പെട്ട പരാതികൾ 2023 നവംബർ 20 നു മുമ്പ് ഈ ഡയറക്ടറേറ്റിൽ ലഭിക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പരാതികൾ വേഗം ലഭിമാക്കുന്നതിനായി nccjsest@gmail.com എന്ന വിലാസത്തിൽ e-mail ചെയ്യാവുന്നതാണ്.

ഒപ്പ്/- x x x
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

പകർപ്പ്:

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴസുകൾക്കും – (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
എൻ.സി.സി ഓഫീസുകൾക്കും

അംഗീകാരത്തോടെ

SAJIMON M
PEN 385602
Administrative Assistant
NCC Directorate (K&L)
Thiruvananthapuram-10